# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.03.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ഇനി 23 ദിവസം. സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായ മണ്ഡലങ്ങൾ പ്രചാരണ ചൂടിലേക്ക്.

2. നിയമസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള ചെലവു നിരീക്ഷകർ സംസ്ഥാനത്ത് എത്തിത്തുടങ്ങി. വീട്ടിൽ വോട്ടു ചെയ്യുന്നവർ ഈ മാസം 20 -നകം അപേക്ഷ നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

3. മാതൃകാ പെരുമാറ്റ ചട്ട ലംഘനം സംബന്ധിച്ച് സമൂഹമാധ്യമങ്ങളിൽ നിരീക്ഷണം ശക്തമാക്കി കേരള പോലീസ്.

4. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടെ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട കേസിൽ പ്രതി സന്ദീപ് കുറ്റക്കാരനെന്ന് കൊല്ലം അഡീഷണൽ സെഷൻസ് കോടതി. ശിക്ഷാവിധി മറ്റന്നാൾ.

5. എൽപിജിയുമായി ഹോർമുസ് കടലിടുക്ക് കടന്നെത്തിയ ഇന്ത്യൻ കപ്പൽ നന്ദാ ദേവി ഗുജറാത്തിലെ വാടിനാർ തുറമുഖത്തെത്തി.

6. സംസ്ഥാനത്ത് താപനില ഉയരുന്നു. അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നതിൽ നിന്ന് ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

********************

RNU TVPM

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

നിയമസഭാ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച അസം, കേരളം, പുതുച്ചേരി എന്നിവിടങ്ങളിൽ നാമനിർദേശ പത്രികാ സമർപ്പണം ആരംഭിച്ചു. ഈ മാസം 23 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 24 നാണ് പത്രികകളുടെ സൂക്ഷ്മ പരിശോധന. 26 വരെയാണ് പത്രിക പിൻവലിക്കാൻ സമയം അനുവദിച്ചിരിക്കുന്നത്. ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും. ഗോവ, കർണാടക, നാഗാലാൻഡ്, ത്രിപുര ഉപതിരഞ്ഞെടുപ്പുകൾക്കുള്ള വിജ്ഞാപനവും ഇന്നലെ പുറത്തിറക്കി.

********************

## സ്ഥാനാർത്ഥി പ്രഖ്യാപനം

കേരളത്തിൽ സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായ മണ്ഡലങ്ങളിൽ പ്രചാരണം സജീവം. 47 സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക ബിജെപി ഇന്നലെ പുറത്തിറക്കി. നേമത്ത് രാജീവ് ചന്ദ്രശേഖറും, വട്ടിയൂർകാവിൽ ആർ ശ്രീലേഖയും, കഴക്കൂട്ടത്ത് വി മുരളീധരനും മത്സരിക്കും. സിപിഐഎം 81 പേരുടെയും, സിപിഐ 25 പേരുടെയും പട്ടിക പുറത്തിറക്കിയിരുന്നു. നേമത്ത് മന്ത്രി വി ശിവൻകുട്ടിയും വട്ടിയൂർക്കാവ് വി കെ പ്രശാന്തും കഴക്കൂട്ടത്ത് മുൻമന്ത്രി കടകംപള്ളി സുരേന്ദ്രനുമാണ് സിപിഎം സ്ഥാനാർത്ഥികൾ. കേരള കോൺഗ്രസ് എമ്മും,എൻസിപിയും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. കോൺഗ്രസിൻറെയും, മുസ്ലിം ലീഗിൻറെയും സ്ഥാനാർത്ഥി പ്രഖ്യാപനം ഇന്നുണ്ടായേക്കും.

RNU TVPM

********************

## തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകർ

നിയമസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള ചെലവു നിരീക്ഷകർ സംസ്ഥാനത്ത് എത്തിത്തുടങ്ങി. ആകെ 40 ചെലവു നിരീക്ഷകരാണ് കേരളത്തിലുണ്ടാകുക. ഇന്നു വൈകിട്ടോടെ എല്ലാവരും എത്തിച്ചേരും. ഓരോ നിരീക്ഷകർക്കും മൂന്നോ നാലോ മണ്ഡലങ്ങളുടെ വീതം ചുമതലയാണുള്ളത്. മൂന്നു ദിവസത്തേക്ക് ഇവിടെ തങ്ങുന്ന ഇവർ പിന്നീട് ഈ മാസം 26-ന് വീണ്ടും എത്തുകയും പ്രചാരണ കാലം മുഴുവൻ തങ്ങുകയും ചെയ്യും. പൊതു തെരഞ്ഞെടുപ്പു നിരീക്ഷകർ നാളെയാണ് സംസ്ഥാനത്ത് എത്തുക.

********************

## വീഡിയോ

നിയമസഭാ തരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രചാരണ വീഡിയോ വാഹനങ്ങൾക്ക് അനുമതി നൽകുന്നതിനും മോട്ടോർ വാഹന ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയത്തിൽ ട്രാൻസ്പോർട് നോഡൽ ഓഫീസറെ നിയമിച്ചു. മാനന്തവാടി റീജിയണൽ ട്രാൻസ്പോർട് ഓഫീസർ എ കെ നജീബിനെയാണ് മെയ് 7 വരെയുള്ള കാലയളവിലേക്ക് നിയമിച്ചത്.

********************

## പോലീസ് - തിരഞ്ഞെടുപ്പ് ( ഇൻട്രോ )

നിയമസഭാ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ജാഗ്രത പുലർത്തണമെന്ന് കേരള പോലീസ്. വോട്ടെടുപ്പ് അവസാനിക്കുന്നതിന് 48 മണിക്കൂർ മുമ്പ് തുടങ്ങുന്ന 'സൈലൻസ് പീരിയഡിൽ' യാതൊരുവിധത്തിലുള്ള തെരഞ്ഞെടുപ്പ് പ്രചാരണങ്ങളും സോഷ്യൽ മീഡിയ വഴി നടത്തരുതെന്ന് കർശന നിർദേശം.

**വിശദാംശങ്ങളിലേക്ക്...**

**( വോയിസ്...)**

സോഷ്യൽ മീഡിയ ഗ്രൂപ്പുകളിൽ വരുന്ന മെസ്സേജുകൾ, ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ അഡ്മിൻമാർ കൃത്യമായി നിരീക്ഷിക്കണമെന്ന് പോലീസ് നിർദേശിച്ചു. AI ഉപയോഗിച്ച് നിർമ്മിച്ച വ്യാജ വീഡിയോകൾ, ഓഡിയോകൾ എന്നിവ പ്രചരിപ്പിക്കരുത്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരമുള്ള 'AI-Generated' എന്ന ലേബൽ ഇല്ലാത്ത സംശയാസ്പദമായ രാഷ്ട്രീയ പ്രചാരണങ്ങൾക്കെതിരെ നടപടിയുണ്ടാകും. ജാതി, മതം, വർഗ്ഗം, സമുദായങ്ങൾ എന്നിവയുടെ പേരിൽ വിഭാഗീയതയോ ശത്രുതയോ ഉണ്ടാക്കുന്ന തരത്തിലുള്ള സന്ദേശങ്ങൾ നിർമ്മിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുത്. വോട്ടെടുപ്പ് തീയതി, സ്ഥാനാർത്ഥികൾ, എന്നിവയെക്കുറിച്ചുള്ള 'വ്യാജ വാർത്തകൾ' പ്രചരിപ്പിക്കരുതെന്നും കേരള പോലീസ് നിർദേശിച്ചു.

**ന്യൂസ്ഡെസ്ക്, ആകാശവാണി....**

********************

RNU TVPM

## വോട്ടർപട്ടിക

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

********************

## വീട്ടിൽ വോട്ട് (ഇൻട്രോ)

നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർ ഈ മാസം 20 - നകം അപേക്ഷ നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയിസ്)

********************

## സ്ഥലം മാറ്റം

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കേരളത്തിലെ IAS, IPS ഉദ്യോഗസ്ഥർക്കുള്ള സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. കോഴിക്കോട് ജില്ലാ പോലീസ് മേധാവിയായി നാരായണനെയും തൃശൂർ റെയ്ഞ്ച് DIG ആയി തോംസൺ ജോസിനെയും നിയമിച്ചു. കെ.ഇമ്പശേഖറിനാണ് ആലപ്പുഴ ജില്ലാ കളക്ടറുടെ ചുമതല.

********************

## സ്ക്വാഡുകൾ രൂപീകരിച്ചു

നിയമസഭ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സ്ഥാനാർഥികളുടെ ചെലവുകൾ നിരീക്ഷിക്കുന്നതിനും വോട്ടർമാരെ സ്വാധീനിക്കാൻ പണം, മദ്യം, പാരിതോഷികങ്ങൾ തുടങ്ങിയവ കൊണ്ടുപോകുന്നത് തടയുന്നതിനുമായി കോഴിക്കോട് ജില്ലയിൽ വിവിധ സ്ക്വാഡുകൾ രൂപീകരിച്ചു. ഓരോ നിയോജക മണ്ഡലത്തിലും മൂന്ന് വീതം ഫ്ളയിങ് സ്ക്വാഡുകളും ഒമ്പത് സ്റ്റാറ്റിക് സർവൈലൻസ് ടീമുകളുമാണ് പ്രവർത്തനസജ്ജമായത്. 13 വീഡിയോ സർവൈലൻസ് ടീമും പ്രവർത്തിക്കും.

RNU TVPM

********************

## പുതുച്ചേരി

പുതുച്ചേരിയിലെ തിരഞ്ഞെടുപ്പ് തമിഴ്നാടിനൊപ്പം നടത്തണമെന്ന നിർദേശവുമായി കോൺഗ്രസ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചു. പുതുച്ചേരി തിരഞ്ഞെടുപ്പ് ഏപ്രിൽ 23 ന് നടത്തുകയോ അല്ലെങ്കിൽ തമിഴ്നാട്ടിലെ വോട്ടെടുപ്പ് ഏപ്രിൽ 9 ലേക്ക് പുനഃക്രമീകരിക്കയോ വേണമെന്നാണ് പാർട്ടിയുടെ ആവശ്യം. നിലവിൽ നിശ്ചയിച്ചിരിക്കുന്നതുപോലെ ഏപ്രിൽ 9 ന് വോട്ടെടുപ്പ് നടത്തുകയാണെങ്കിൽ, തമിഴ്നാട്ടിൽ ജോലി ചെയ്യുന്ന പുതുച്ചേരി നിവാസികൾക്ക് അവരുടെ വോട്ടവകാശം വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ ശമ്പളത്തോടുകൂടിയ അവധി ഉറപ്പാക്കാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിച്ചു.

********************

## ബജറ്റ് സമ്മേളനം

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം തുടരുന്നു. 2026-27 ലെ റെയിൽവേ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ധനാഭ്യർത്ഥനകളിൽ ലോക്സഭയിൽ ചർച്ച ആരംഭിച്ചു. അതിനിടെ, എട്ട് പ്രതിപക്ഷ എംപിമാരുടെ സസ്പെൻഷൻ പിൻവലിക്കണമെന്ന് കോൺഗ്രസ് എംപി കൊടിക്കുന്നിൽ സുരേഷ് ലോക്സഭാ സ്പീക്കറോട് അഭ്യർത്ഥിച്ചു.

RNU TVPM

********************

## ഡോക്ടർ വന്ദനദാസ്

കൊട്ടാരക്കര താലൂക്ക് ആശുപത്രി അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടിക്കിടെ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട കേസിൽ പ്രതി സന്ദീപ് കുറ്റക്കാരനാണെന്ന് കോടതി. കൊല്ലം അഡീഷണൽ സെഷൻസ് കോടതിയാണ് പ്രതി കുറ്റക്കാരനെന്ന് കണ്ടെത്തിയത്. ശിക്ഷാ വിധി മറ്റെന്നാൾ പ്രസ്താവിക്കും.

********************

## തീ പിടിത്തം

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സർജിക്കൽ ഐ സി യുവിന് സമീപം തീപിടിത്തം. തീ നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്. ജീവൻ രക്ഷാ ഉപകരണങ്ങളും 33 രോഗികളെയും ഐ സി യു വിൽ നിന്ന് മാറ്റി. രോഗികളും കൂട്ടിരിപ്പുകാരും സുരക്ഷിതരാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

********************

## താപനില

സംസ്ഥാനത്ത് താപനില ഉയരുന്നു. തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതിനാൽ പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. പകൽ 10 മുതൽ 3 മണി വരെ ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കുക.

********************

## മന്ത്രാങ്കം കൂത്ത് (ഇൻട്രോ)

കേന്ദ്ര സാംസ്കാരിക മന്ത്രാലയം തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മന്ത്രാങ്കം കൂത്ത് നാളെ മുതൽ കണ്ണൂരിൽ നടക്കും.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി**

**കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട് ...**

**(വോയ്സ്)**

********************

## ഇന്ത്യൻ കപ്പൽ

എൽപിജിയുമായി ഹോർമുസ് കടലിടുക്ക് കടന്നെത്തിയ ഇന്ത്യൻ കപ്പൽ നന്ദാദേവി ഗുജറാത്തിലെ വാടിനാർ തുറമുഖത്തെത്തി. 46,000 മെട്രിക് ടൺ എൽപിജിയുമായി ഖത്തറിൽ നിന്നാണ് കപ്പലെത്തിയത്. മറ്റൊരു ചരക്കുകപ്പലായ ശിവാലിക് ഇന്നലെ ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തെത്തിയിരുന്നു. നിലവിൽ എൽപിജി വിതരണത്തിൽ രാജ്യത്ത് യാതൊരു ക്ഷാമവുമില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

********************

## സെൻസെക്സ് + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 109 പോയിന്റ് ഇടിഞ്ഞ് 75 ആയിരത്തി 408 ലും നിഫ്റ്റി 23 പോയിന്റ് നഷ്ടത്തിൽ 23 ആയിരത്തി 383 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 880 രൂപ വർധിച്ച് ഒരു ലക്ഷത്തി 16 ആയിരത്തി 320 രൂപയും ഗ്രാമിന് 14 ആയിരത്തി 540 രൂപയുമാണ് ഇന്നത്തെ വില.

********************

RNU TVPM

## കെ-ടെറ്റ് പരീക്ഷ

കെ-ടെറ്റ് പരീക്ഷക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഈ മാസം 21 വരെ നീട്ടി. നിലവിൽ ജോലി ചെയ്യുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രമോഷൻ ലഭിക്കേണ്ട അധ്യാപകർക്കും ഈ വിഭാഗത്തിൽ കെ-ടെറ്റ് എഴുതാവുന്നതാണ്.

********************

*************

****

RNU TVPM